136 (1355) കൂത്താട്ടുകളം ടൗണിലെ പാലം

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ-കോട്ടയം എം.സി. റോഡിൽ കൂത്താട്ടുകുളം ടൗണിലെ പാലത്തിന് ബലക്ഷയം സംഭവിച്ച് അപകടാവസ്ഥയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പാലം പുതുക്കിപണിയുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പാലം പുതുക്കിപ്പണിയുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

137 (1356) പാലങ്ങളുടെ നിർമ്മാണപ്രവർത്തനം

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്;

(ബി) ഓരോന്നിന്റേയും അടങ്കൽതുക എത്ര;

(സി) ഇവ ഏതെല്ലാം നിയോജകമണ്ഡലങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്?

ഉത്തരം

(എ) ദേശീയപാതാ വിഭാഗത്തിൽ ഒമ്പതും നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ നൂറ്റിമൂന്നും പാലങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്.

(ബി)&(സി)) നിരത്തുകളും പാലങ്ങളും വിഭാഗത്തെ സംബന്ധിക്കുന്ന വിവരങ്ങൾ അനുബന്ധം ഒന്നിലും† ദേശീയപാതാ വിഭാഗത്തെ സംബന്ധിക്കുന്ന വിവരം അനുബന്ധം രണ്ടിലും† കൊടുത്തിരിക്കുന്നു.

138 (1357) മൂക്കണ്ണം കടവ് പാലം പണി

ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് താലൂക്കിലെ മണ്ണാർക്കാട് ശ്രീകൃഷ്ണപുരം നിയോജകമണ്ഡലങ്ങളെ തമ്മിൽ യോജിപ്പിക്കുന്ന പ്രധാനപ്പെട്ട പാലമായ മൂക്കണ്ണംകടവ് പാലം മൂന്ന് വർഷമായി തൂണുകൾ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മാത്രം പൂർത്തീകരിക്കുകയും ബാക്കി ഭാഗങ്ങൾ പണി നടക്കാതിരിക്കുകയും ചെയ്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്രയും വേഗം പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മൂക്കണ്ണംകടവ് പാലത്തിന്റെ പണി പൂർത്തിയായ തൂണുകളുടെ ബലപരിശോധന നടത്തി റിപ്പോർട്ട് നൽകാനായി SERC ചെന്നൈയെ ഏൽപ്പിക്കുകയാണ്. അവരുടെ പഠനറിപ്പോർട്ട് കിട്ടിയാലുടനെ തന്നെ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

139 (1358) അപകട നിലയിലുള്ള പാലങ്ങൾ

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം പൊതുമരാമത്ത് വകുപ്പ് റോഡുകളും പാലങ്ങളും സെക്ഷനിൽപ്പെടുന്ന ആയൂർ-ഇരവിപുരം റോഡിലെ കുളഞ്ഞിപ്പാലവും കടയ്ക്കൽ പാങ്ങോട് റോഡിലെ ചാന്നാട്ടുമുക്കുപാലവും അപകടകരമായ അവസ്ഥയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കാര്യത്തിൽ എന്ത് അടിയന്തിര നടപടിയാണ് സ്വീകരിച്ചിരുന്നതെന്ന് അറിയിക്കുമോ;

(സി) ഈ പാലങ്ങൾ പുനർനിർമ്മിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) അടിയന്തിരമായി ഈ പാലങ്ങൾ പുനർനിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) കുളഞ്ഞിപ്പാലത്തിന്റെ പുനർനിർമ്മാണത്തിനായ് 21 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും ചാന്നാട്ടുമുക്ക് പാലത്തിന്റെ പുനർനിർമ്മാണത്തിനായി 13 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും പരിശോധനയിലാണ്.

(ഡി) ഭരണാനുമതി നൽകി ആവശ്യമായ ഫണ്ടും ലഭ്യമായാലുടൻ പണി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

140 (1359) ചിത്രപ്പുഴ പാലംപണി

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ സെൻട്രൽ സർക്കിളിൽ ഉൾപ്പെട്ട ചിത്രപ്പുഴ പാലത്തിന് കരാറുകാരൻ എഗ്രിമെന്റ് വയ്ക്കുമ്പോൾ എത്ര സ്പാൻ ആണ് ഉണ്ടായിരുന്നത്; എത്ര മീറ്റർ വീതം; ഇതിൽ പ്രീ-സ്ട്രെസ്സ് എത്ര സ്പാൻ ഉണ്ടായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly